# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2997

## 18-10-2016 ലെ മറുപടിക്ക്

## കിഫ്ബി നിയമമനുസരിച്ചുള്ള ധനസഹായം

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി നിയമമനുസരിച്ച് ഏതെല്ലാം സംരംഭങ്ങൾക്ക് സഹായത്തിനുള്ള അർഹതയുണ്ട്; സഹായം ഏതെല്ലാം ആവശ്യങ്ങൾക്ക് നൽകാം; | 2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസിലെ ഉപ വകുപ്പ് 3 (എ) പ്രകാരം ബോർഡിലേയ്ക്ക് സർക്കാർ റഫർ ചെയ്തിട്ടുള്ളതും ബോർഡ് അംഗീകരിച്ചതുമായ പ്രോജക്ടുകൾ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹമാണ്. ഒരു പൊതു ഏജൻസി നടപ്പിലാക്കുന്ന അർഹമായ പ്രോജക്ടുകൾ നൂറു കോടി രൂപയിൽ കവിയുന്ന മൂല്യമുള്ളത് ആയിരിക്കേണ്ടതാണ്. എന്നാൽ മൂല്യം നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 10 കോടി രൂപയിൽ കുറയാത്ത പ്രോജക്ടുകളെ 'ട്രാഞ്ചസ്' ആയി തരംതിരിക്കാവുന്നതും അവയിലോരോന്നും മൂല്യം സംബന്ധിച്ച് (2)-ാം ഉപ വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള<br>വ്യവസ്ഥയ്ക്കനുസൃതമായിരിക്കേണ്ടതുമാണ്.<br>എന്നിരുന്നാലും, സംസ്ഥാന സർക്കാരുമായി ചേർന്നുള്ള സംയുക്ത സംരംഭമൊഴികെ കേന്ദ്ര |

| | |
|---|---|
| | സർക്കാരോ, കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പൊതു സംരംഭമോ സ്വതന്ത്രമായി എടുത്തിട്ടുള്ള ഏതെങ്കിലും പ്രോജക്ടിന് ഇത് ബാധകമാകുന്നതുമല്ല. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന നിധി താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.<br>1. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിലെ മുതൽമുടക്കിനായി പണം നൽകുന്നതിനോ അല്ലെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിനോ<br>2. പൊതുമേഖലാ സംരഭങ്ങൾക്കും, മറ്റ് സംരംഭങ്ങൾക്കും, അടിസ്ഥാന സൗകര്യ പദ്ധതികളിലെ അവരുടെ മുതൽ മുടക്കിനു വേണ്ടി സാമ്പത്തിക സഹായം നൽകുന്നതിന്<br>3. അടിസ്ഥാന സൗകര്യ പ്രോജക്ടുകളുൾപ്പെടെയുള്ള സർക്കാരിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഭൂമി എറ്റെടുക്കുന്നതിന്<br>4. വിവിധ മേഖലകളിലെയോ അതിന്റെ ഭാഗങ്ങളിലെയോ വിഭവങ്ങൾ സംയോജിപ്പിക്കേണ്ട ആവശ്യകത കാരണം ധനസഹായം ലഭിക്കുന്നതിന് പ്രതിബന്ധം നേരിടുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുക<br>5. പൊതുസംരംഭങ്ങളോ മറ്റു സംരംഭങ്ങളോ ഉൾപ്പെടെയുള്ള നിയമപരമായ |

| | |
|---|---|
| | സ്ഥാപനങ്ങളുടെയോ അർഹമായ പ്രോജക്ടുകൾ, പരിപാടികൾ എന്നിവക്ക് സംസ്ഥാനം കണ്ടെത്തിയിട്ടുള്ള അടിസ്ഥാന സൗകര്യ പ്രോജക്ടുകളിൽ മുതൽ മുടക്കുന്നതിനായി നേരിട്ട് വായ്പകളും വായ്പാ ഗ്യാരണ്ടികളും നൽകുക. കൂടാതെ പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പാക്കുന്നതിനും സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. |
| **(ബി)** സഹായം ഏതെല്ലാം രീതിയിൽ ലഭിക്കും; | ഭേദഗതി ഓർഡിനൻസിലെ 3-ാം വകുപ്പ് പ്രകാരം വായ്പയായും വായ്പാ ഗ്യാരന്റിയായും പദ്ധതി മുതൽമുടക്കായും സാമ്പത്തിക സഹായം കിഫ്ബി നൽകുന്നതാണ്. |
| **(സി)** ധനസഹായത്തിനുള്ള ഈട് എന്തെല്ലാമാണ്; | നിലവിലെ കിഫ് സ്കീം 1999-ലെ 8-ാം വകുപ്പ് അനുസരിച്ച് വായ്പകൾക്ക് മുൻകൂർ പണയ വസ്തുക്കൾ, പിൻ തീയതി വച്ച ചെക്കുകൾ, എന്നിവ ധനസഹായത്തിനുള്ള ഈടുകളായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| **(ഡി)** ധനസഹായ വിതരണത്തിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ധനസഹായം തിരിച്ചു പിടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | നിലവിലുള്ള കിഫ് സ്കീം 1999-ലെ 7-ാം വകുപ്പ് പ്രകാരം ധനസഹായ വിതരണത്തിനുള്ള നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിന്മേലുള്ള ധനസഹായം ലോൺ കരാർ നിലവിൽ വന്നാലുടൻ വിതരണം ചെയ്യേണ്ടതാണെന്നും ദീർഘ കാലാടിസ്ഥാനത്തിന്മേലുള്ള ധനസഹായം കരാറിൽ പറഞ്ഞിരിക്കും പ്രകാരം വിതരണം ചെയ്യേണ്ടതാണെന്നും പ്രസ്തുത സ്കീമിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിനനുസൃതമായി തിരിച്ചടക്കേണ്ടതായ ധനസഹായങ്ങൾ |
| **(ഇ)** ഇത് സംബന്ധിച്ച് തയ്യാറാക്കിയ പദ്ധതിയുടെ പകർപ്പ് ലഭ്യമാക്കാമോ? | |

| | |
|---|---|
| | ഈടാക്കാനുള്ള വ്യവസ്ഥകളും ബന്ധപ്പെട്ട കരാറിൽ വ്യവസ്ഥ ചെയ്യും പ്രകാരമായിരിക്കും. 1999-ലെ കിഫ് ആക്ട് ഭേദഗതി ഓർഡിനൻസ് നിലവിൽ വന്ന സാഹചര്യത്തിൽ കിഫ് സ്കീമും അതിനനുസൃതമായി ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതാണ്. നിലവിലുള്ള പദ്ധതിയുടെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്